"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ്-മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡിലെ ജീവനക്കാർക്ക് 2018-19 സാമ്പത്തിക വർഷത്തിൽ എക്സ്ഗ്രേഷ്യ വിതരണം ചെയ്ത മാനേജിംഗ് ഡയറക്ടറുടെ നടപടി സാധൂകരിച്ച്-ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**വ്യവസായ(ഡി) വകുപ്പ്**

സ.ഉ.(കൈ) നം.130/2022/ID തീയതി,തിരുവനന്തപുരം, 24-12-2022

---

പരാമർശം:- മെറ്റൽ ഇൻഡസ്ട്രീസ് മാനേജിംഗ് ഡയറക്ടറുടെ 19/05/2022 ലെ എം.ഐ.എൽ/പി& എ/ബോണസ് 18-19/2022/160, 19/11/2022 ലെ എം.ഐ.എൽ/ബോണസ്/22-23/783, 07/12/2022 ലെ എം.ഐ.എൽ/ബോണസ്/22-23/1216 എന്നീ നമ്പർ കത്തുകൾ

**ഉത്തരവ്**

മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡിലെ ജീവനക്കാർക്ക് ശമ്പള പരിധി പരിഗണിക്കാതെ 2018-19 സാമ്പത്തിക വർഷത്തെ ബോണസ്/എക്സ്ഗ്രേഷ്യ ഇനത്തിൽ 17800/- രൂപയും കമ്പനിയുടെ പ്രവർത്തന നഷ്ടം കുറച്ചതിനുള്ള പാരിതോഷികമായി അഡീഷണൽ എക്സ്ഗ്രേഷ്യയായി 500/- രൂപയും വിതരണം ചെയ്ത നടപടി സാധൂകരിക്കണമെന്ന് പരാമർശത്തിലെ കത്തുകൾ പ്രകാരം മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

2 ) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ 22 / 8 / 2019 ലെ സ.ഉ (കൈ )നമ്പർ 79 / 2019 /എൽ .ബി .ആർ ഉത്തരവിലെ വ്യവസ്ഥകളിൽ നിന്നും വ്യതിചലിച്ചുകൊണ്ട് ബോണസ് അർഹത പരിഗണിക്കാതെ ബോണസ്/എക്സ്ഗ്രേഷ്യ ഇനത്തിൽ മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡിലെ ജീവനക്കാർക്ക് 2018-19 സാമ്പത്തിക വർഷത്തിൽ ബോണസ്/എക്സ്ഗ്രേഷ്യ ഇനത്തിൽ 17800/- രൂപയും കമ്പനിയുടെ പ്രവർത്തന നഷ്ടം കുറച്ചതിനുള്ള പാരിതോഷികമായി അഡീഷണൽ എക്സ്ഗ്രേഷ്യയായി 500/- രൂപയും വിതരണം ചെയ്ത മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ നടപടി സാധൂകരിച്ചു കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്,മെറ്റിൻഡ് നഗർ, ഷൊർണ്ണൂർ.

ഡയറക്ടർ ബോർഡ് അംഗങ്ങൾ(എം.ഡി മുഖേന)

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ് II ), കേരളം, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (30.08.2022-ലെ E-2179175/PU D2/113/2022-Fin)

തൊഴിൽ വകുപ്പ് (26.07.2022-ലെ LBRD-D1/100/2022-LBRD )
പൊതുഭരണ(എസ് സി) വകുപ്പ് (ഇനം നമ്പർ 1274 പ്രകാരം)
വിവരപൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Divya Y V
Date: 24-12-2022 17:19:50
Reason: Approved
സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 21-12-2022

ഫയൽ നം. ഡി2/99/2022/ഐഎൻഡി. ഇനം നം: 1274

വിഷയം : വ്യവസായ വകുപ്പ് - മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡിൽ 2018-19 സാമ്പത്തിക വർഷത്തെ എക്സ്ഗ്രേഷ്യ വിതരണം ചെയ്ത മാനേജിംഗ് ഡയറക്ടറുടെ നടപടി സാധൂകരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

21/12/22

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ്.

22/12/22

കേരള സർക്കാർ
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | ഡി2/ 99/ 2022-ഐഎൻഡി |
| 2 | വകുപ്പ് | : | വ്യവസായ (ഡി) വകുപ്പ് |
| 3 | വിഷയം | : | വ്യവസായ വകുപ്പ് - മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡിൽ 2018 - 19 സാമ്പത്തിക വർഷത്തെ എക്സ്ഗ്രേഷ്യ വിതരണം ചെയ്ത മാനേജിംഗ് ഡയറക്ടറുടെ നടപടി സാധൂകരിക്കുന്നത് - സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 18/ 10/ 2022 |
| 5 | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ ? | : | അതെ. |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : | ഉണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : | ഉണ്ട്.<br>ഉണ്ട്. |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി. എം എ റജീനബീഗം |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. എ. പി.എം.മുഹമ്മദ് ഹനീഷ് |
| 9 | മന്ത്രിസഭയുടെ കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 15.12.2022 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വി. പി. ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി; | : | |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.പി. രാജീവ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | : | |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡിലെ ജീവനക്കാർക്ക് 2018-19 ലെ ബോണസ് / എക്സ്ഗ്രേഷ്യ വിതരണം ചെയ്ത മാനേജിംഗ് ഡയറക്ടറുടെ നടപടി സാധൂകരിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡിലെ ജീവനക്കാർക്ക് ശമ്പള പരിധി പരിഗണിക്കാതെ 2018-19 സാമ്പത്തിക വർഷത്തെ ബോണസ് / എക്സ്ഗ്രേഷ്യ ഇനത്തിൽ 17800/-രൂപയും അതുകൂടാതെ 500 രൂപ കമ്പനിയുടെ പ്രവർത്തന നഷ്ടം കുറച്ചതിനുള്ള പാരിതോഷികമായി അഡീഷണൽ എക്സ്ഗ്രേഷ്യയായി വിതരണം ചെയ്തതായി മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. ബഹു. വ്യവസായ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടന്ന സമവായ ചർച്ചയിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് 17800/-രൂപ എക്സ്ഗ്രേഷ്യയായി വിതരണം ചെയ്തതെന്നും പ്രവർത്തനനഷ്ടം കുറച്ചതിനുള്ള പാരിതോഷികം എന്ന നിലയിലാണ് 500/-രൂപ അധിക എക്സ്ഗ്രേഷ്യയായി നൽകിയതെന്നും മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ എക്സ്ഗ്രേഷ്യ വിതരണം ചെയ്ത വകയിൽ കമ്പനിയ്ക്ക് 7,26,578/-(ഏഴ് ലക്ഷത്തി ഇരുപത്തിയാറായിരത്തി അഞ്ഞൂറ്റി എഴുപത്തി എട്ട്)രൂപയുടെ സാമ്പത്തിക ബാധ്യത ഉണ്ടായിട്ടുണ്ടെന്നും മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) 23/09/2019 ൽ ചേർന്ന കമ്പനിയുടെ 172-ാമത് ഡയറക്ടർ ബോർഡ് യോഗം, മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡിലെ ജീവനക്കാർക്ക് ബോണസ് / എക്സ്ഗ്രേഷ്യ വിതരണം ചെയ്ത മാനേജ്മെന്റിന്റെ നടപടി അംഗീകരിക്കുകയും

ഇക്കാര്യത്തിൽ സർക്കാരിന്റെ സാധൂകരണം തേടുവാൻ മാനേജിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തു. അതിനാൽ മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡിലെ ജീവനക്കാർക്ക് 2018 -19 സാമ്പത്തിക വർഷത്തിൽ (17800/-രൂ.+500/-രൂ.) വീതം ബോണസ് / എക്സ്ഗ്രേഷ്യ ആയി വിതരണം ചെയ്ത നടപടി സാധൂകരിക്കുവാൻ മെറ്റൽ ഇൻഡസ്ട്രീസ് മാനേജിംഗ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിരിക്കുന്നു.

4) ഈ വിഷയത്തിൽ തൊഴിലും നൈപുണ്യവും വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

"If the bonus and other benefits are paid contrary to the guidelines in GO(P)No.79/2019/LBR dated 22/08/2019 issued by this department, the department will not agree to the said action".

5) ഈ വിഷയത്തിൽ ധനകാര്യവകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു

"Endorsing the views of Labour Department, Administrative Department is requested to take a decision in line with the guidelines in GO(P)No.79/2019/LBR dated 22/08/2019".

6) ബഹു. വ്യവസായ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടന്ന സമവായ ചർച്ചയിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് 17800/-രൂപ എക്സ്ഗ്രേഷ്യയായും പ്രവർത്തനനഷ്ടം കുറച്ചതിനുള്ള പാരിതോഷികം എന്ന നിലയിലാണ് 500/-രൂപ അധിക എക്സ്ഗ്രേഷ്യയായും മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡിലെ ജീവനക്കാർക്ക് നൽകിയത്. 2018 - 19 വർഷത്തെ ബോണസ് എക്സ്ഗ്രേഷ്യ നൽകിയത് കമ്പനിയിൽ ലഭ്യമായ ഫണ്ട് ഉപയോഗിച്ചാണ്. 2019 -

20 വർഷം വരെയുള്ള ഓഡിറ്റ് പൂർത്തിയാക്കുകയും 2020 - 21, 2021 - 22 സാമ്പത്തിക വർഷങ്ങളിലെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ കമ്പനി സ്വീകരിച്ചുവരുകയും ചെയ്യുന്നുണ്ട്. 2019 - 20 സാമ്പത്തിക വർഷം കമ്പനിക്ക് 163.67 ലക്ഷം രൂപയുടെ നഷ്ടം ഉണ്ടാവുകയും 2021 - 22 ലെ പ്രൊവിഷണൽ ഓഡിറ്റ് പ്രകാരം കമ്പനി 3.15 ലക്ഷം രൂപയുടെ പ്രവർത്തനലാഭം കൈവരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ എക്സ്ഗ്രേഷ്യയും അധിക എക്സ്ഗ്രേഷ്യയും 22/08/2019 ലെ സ.ഉ.(കൈ)നമ്പർ.79/2019/എൽ ബി ആർ നമ്പർ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങളിൽ നിന്ന് വ്യതിചലിച്ച് വിതരണം ചെയ്തതിനാൽ, എക്സ്ഗ്രേഷ്യ / അധിക എക്സ്ഗ്രേഷ്യ വിതരണം ചെയ്ത മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ നടപടി സാധൂകരിക്കേണ്ടതുണ്ട്.

7) ഫയൽ ബഹു. വ്യവസായ വകുപ്പ് മന്ത്രി മുഖേന ബഹു. മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്തപ്പോൾ, ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

# തീരുമാനിക്കേണ്ട വിഷയം

ധനകാര്യവും തൊഴിലും നൈപുണ്യവും വകുപ്പുകളുടെ അഭിപ്രായത്തെ മറികടന്നുകൊണ്ട് 22/08/2019 ലെ സ.ഉ.(കൈ)നമ്പർ.79/2019/എൽ ബി ആർ ഉത്തരവിലെ വ്യവസ്ഥകളിൽ നിന്നും വ്യതിചലിച്ചുകൊണ്ട് മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡിലെ ജീവനക്കാർക്ക് 2018-19 ലെ ബോണസ് / എക്സ്ഗ്രേഷ്യയായി 17800/- രൂപയും അധിക എക്സ്ഗ്രേഷ്യയായി 500/-രൂപയും വിതരണം ചെയ്ത മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ നടപടി സാധൂകരിക്കാമോ?

15/12/22

15/12/2022

15/12/22

15/12/22

11/12/22

23/12/22